# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6685 — 12.07.2012-ൽ മറുപടിക്ക്

### സഹകരണ സ്ഥാപനങ്ങളിലെ 'ആശ്രിത നിയമന വ്യവസ്ഥ'

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി ഗീതാ ഗോപി : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| സഹകരണ സ്ഥാപനങ്ങളിൽ 'ആശ്രിത നിയമന വ്യവസ്ഥ' നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ആശ്രിത നിയമന വ്യവസ്ഥ നിലവിലുണ്ട്. വിശദാംശങ്ങൾ ചുവടെ പറയുന്നു.<br>1. മരണമടഞ്ഞ ജീവനക്കാരന് കുറഞ്ഞത് 2 വർഷത്തെ സേവനമെങ്കിലും ജോലി നോക്കിയിരുന്ന സഹകരണ സംഘത്തിൽ ഉണ്ടായിരിക്കണം.<br>2. മരണമടഞ്ഞ ജീവനക്കാരന്റെ ആശ്രിതനായ ഒരാൾക്ക് മാത്രമേ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ജോലിക്ക് അർഹതയുള്ളൂ. ഒരു തവണ വാഗ്ദാനം ചെയ്ത് ജോലി സ്വീകരിച്ചാൽ ആയത് യാതൊരു സാഹചര്യത്തിലും മാറ്റിക്കൊടുക്കാവുന്നതല്ല.<br>3. ആശ്രിത നിയമന വ്യവസ്ഥ പ്രകാരം നിയമനം ലഭിക്കുന്നതിനുള്ള അപേക്ഷ ജീവനക്കാരൻ മരിച്ച് 1 വർഷത്തിനകം ആശ്രിതൻ ടി സ്ഥാപനത്തിൽ നൽകിയിരിക്കണം. ആശ്രിതൻ പ്രായ പൂർത്തി ആകാത്ത ആളാണെങ്കിൽ പ്രായ പൂർത്തിയായി 3 വർഷത്തിനകം അപേക്ഷ സമർപ്പിച്ചാൽ മതിയാകാം.<br>4. സാധാരണയായി നേരിട്ടുള്ള നിയമനരീതി ഉൾപ്പെടുന്ന നിശ്ചിത വിഭാഗത്തിലുള്ള ഏറ്റവും താഴ്ന്ന ഗ്രേഡിലെ തസ്തികയിലേയ്ക്ക് മാത്രമേ ആശ്രിത നിയമന വ്യവസ്ഥ പ്രകാരമുള്ള നിയമനത്തിന് അർഹതയുള്ളൂ.<br>5. കേരള സഹകരണ സംഘം ചട്ടത്തിലെ ചട്ടങ്ങളിൽ നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ ഉള്ള ആളുകൾക്കു മാത്രമേ നിയമനത്തിന് അർഹതയുള്ളൂ. |

6. വിഭാര്യന്റെയോ/വിധവകളുടെയോ കാര്യത്തിൽ റിട്ടയർമെന്റ് വയസ് ഒഴികെയുള്ള പരമാവധി പ്രായപരിധി നിയമനത്തിന് ബാധകമാക്കേണ്ടതില്ല. എന്നാൽ മറ്റ് ആശ്രിതരെ സംബന്ധിച്ച് കേരള സഹകരണ സംഘം ചട്ടത്തിലെ ചട്ടങ്ങളിൽ നിർണ്ണയിച്ചിട്ടുള്ള പ്രായപരിധിയാണ് ബാധകം.
7. വിഭാര്യനോ/വിധവയോ ആണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെങ്കിൽ അപേക്ഷാതീയതിയിൽ പുനർവിവാഹം ചെയ്തിരിക്കരുത്.
8. മരിച്ചുപോയ ജീവനക്കാരന്റെ ആശ്രിതന് ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ജോലി നൽകുവാനുള്ള തീരുമാനം ബന്ധപ്പെട്ട സ്ഥാപനത്തിന്റെ ഭരണസമിതി എടുത്തിരിക്കണം.
9. സഹകരണ സംഘം രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അനുവാദത്തോടെ മാത്രമേ നിയമനം നടത്തുവാൻ പാടുള്ളൂ.
10. വിഭാര്യനോ/വിധവയ്ക്കോ ഈ പദ്ധതി അനുസരിച്ചുള്ള പ്രയോജനം ലഭിക്കുവാൻ അർഹത ഇല്ലാത്തവരാണെങ്കിലും മരിച്ച ജീവനക്കാരന്റെ കുട്ടികൾ മൈനർ ആണെങ്കിലും വിഭാര്യനോ വിധവയോ ജീവിച്ചിരിക്കുമ്പോൾ അവരുടെ സമ്മതത്തോടെ മറ്റ് ആശ്രിതർക്ക് ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ജോലി ലഭിക്കുന്നതാണ്.
11. മരണമടഞ്ഞ ജീവനക്കാരന്റെ വിവാഹിതരായ മകനോ മകളോ ജോലി ഇല്ലാത്തവരാണെങ്കിലും അവരുടെ ഭാര്യയോ ഭർത്താവോ ജോലി ഇല്ലാത്തവരാണെങ്കിലും മറ്റുള്ള ആശ്രിതരുടെ സംരക്ഷണം അവരിലാണെങ്കിൽ അവർക്ക് ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ജോലി നൽകാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**